**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1347** **04-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകൾ തുറന്നപ്പോൾ കുട്ടികൾ നേരിട്ട പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ അക്കാദമിക വർഷത്തിൽ സ്കൂളുകൾ തുറന്നപ്പോൾ പല സ്കൂളുകളിലും നിരവധി കുട്ടികൾക്ക് ഛർദിയും വയറിളക്കവും ഉൾപ്പെടെയുള്ള അസ്വസ്ഥതകൾ ഉണ്ടായെന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വിഷയത്തെ ഏറെ ഗൗരവത്തോടെ കാണുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കോവിഡ് മൂലം ദീർഘനാളായി അടഞ്ഞുകിടന്ന സ്കൂളുകൾ തുറന്നപ്പോൾ സ്കൂളുകളിലെ കുടിവെള്ള സ്രോതസ്സുകളും കുടിവെള്ള സംഭരണികളും മാലിന്യമുക്തമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ ; വിശദാംശം നൽകുമോ; | (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് മൂലം അടഞ്ഞുകിടന്ന സ്കൂളുകൾ പുനരാരംഭിച്ചത് 2021 നവംബർ 1 മുതലാണ്. സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി "തിരികെ സ്കൂളിലേയ്ക്ക്" എന്ന പേരിൽ സ്കൂൾ തുറക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയിരുന്നു. പുതിയ അധ്യയന വർഷം സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് കുടിവെള്ള സ്രോതസ്സുകളും കുടിവെള്ള സംഭരണികളും മാലിന്യ മുക്തമാക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉച്ച ഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് സ്കൂളുകളിലെ വാട്ടർടാങ്കുകൾ മാസത്തിലൊരിക്കൽ വൃത്തിയാക്കുന്നതിനും കിണറുകൾ ആറ് മാസത്തിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്യുവാനും എല്ലാ സ്കൂളുകൾക്കും കർശനം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പരിശോധനയിൽ ഇത് കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. |
| (സി) | ഈ അദ്ധ്യയന വർഷം സ്കൂളുകൾ തുറക്കുന്നതിനു മുമ്പ് രാസപരിശോധന നടത്തി കുടിവെള്ളം ഉപയോഗയോഗ്യം ആണെന്ന് ഉറപ്പാക്കുന്നതിന് | (സി) | കുടിവെള്ളം പരിശോധിക്കുന്നതിനുള്ള നിർദ്ദേശം സ്കൂൾ തുറക്കുന്നതിനു മുൻപ് തന്നെ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സംസ്ഥാന വ്യാപകമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാൻ നിർദേശം നൽകുമോ ; | | |
| (ഡി) | അക്കാദമിക വർഷം ആരംഭിക്കുന്നതിനു മുമ്പ് ശരിയായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സ്കൂളുകളിൽ ഉണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയാണ് സ്കൂൾ തുറന്നത്. സ്കൂളുകളിൽ എന്തെങ്കിലും പ്രതിസന്ധികൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ